ॐ

# ശ്രീമദ്ഭാഗവതം നിത്യപാരായണം 203-ാം ദിവസം

സാധവോ ന്യാസിന: ശാന്താ ബ്രഹ്മിഷ്ഠാ ലോകപാവനാ:
ഹരന്ത്യഘം തേ/ംഗസംഗാത് തേഷ്വാസ്തേ ഹ്യഘഭിദ്ധരി: (9-9-6)

*ശുകമുനി തുടർന്നു:*

അംശുമാൻ ഗംഗയെ ഭൂമിയിലേക്ക് കൊണ്ടുവരാനായി പലേ തപ:ശ്ചര്യകളിലും ഏർപ്പെട്ടു. എന്നാൽ ആഗ്രഹസഫലീകരണത്തിനു മുൻപ് അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ മകൻ ദിലീപനും ഈ പരിശ്രമത്തിൽ മുഴുകി. ദിലീപിൻെറ മകൻ ഭഗീരഥന് കഠിനമായ തപസ്സിൻെറ ഫലമായി ഒരു സ്വപ്നദർശനമുണ്ടായി.

*സ്വർഗ്ഗീയ ഗംഗ പ്രത്യക്ഷപ്പെട്ടു പറഞ്ഞു:* "ഭൂമിയിലേക്കു വരാൻ ഞാൻ തയ്യാറാണ്. പക്ഷെ എൻെറ ശക്തിയെ കൈക്കൊള്ളാൻ കഴിവുള്ള ഒരാളെ കണ്ടെത്തണം. ഭൂമിയിലേക്കിറങ്ങി വരുമ്പോൾ നദീജലത്തിൻെറ ശക്തി അതീവമായിരിക്കും. മാത്രമല്ല പാപപങ്കിലർ നദിയിൽ കുളിക്കുന്നതു മൂലം അശുദ്ധമാവുമ്പോൾ എനിക്ക് എങ്ങിനെയാണ് ശുദ്ധീകരണമുണ്ടാവുക? ഭഗീരഥൻ രണ്ടുപ്രശ്നങ്ങൾക്കും മറുപടിയായി പറഞ്ഞു: രുദ്രഭഗവാൻ അവിടുത്തെ ശക്തിയെ കൈകൊള്ളും. പുണ്യചരിതരായ ഋഷിമുനിമാർ സ്വയം ലോകത്തെ മുഴുവൻ ശുദ്ധീകരിക്കുന്നു. ഗംഗാജലത്തിൽ അവർ കുളിക്കുമ്പോൾ ആ ജലം പരിശുദ്ധ മായിത്തീരും. കാരണം അവരിൽ നിർമ്മലനായ ഭഗവാൻ സ്വയം എപ്പോഴും എല്ലാ മഹിമയോടും കൂടി നിറഞ്ഞു വിളങ്ങുന്നു. ഭഗീരഥൻ പരമശിവനോട് ഗംഗാപ്രവാഹത്തിൻെറ ശക്തിയെ തടയാൻ പ്രാർത്ഥിച്ചു. ഭഗവാൻ ഹരിയുടെ പാദസ്പർശനമേറ്റ ഗംഗയെ പരമശിവൻ സ്വന്തം ശിരസ്സിൽ കൈകൊണ്ടു. ഭഗീരഥൻ പിന്നീട് ഗംഗയെ തൻെറ പൂർവ്വീകരുടെ ചിതാഭൂമിയിലൂടെ നയിച്ചു. ഗംഗാജല സ്പർശമാത്രയിൽ ഭഗീരഥമാതുലൻമാർ സ്വർഗ്ഗം പൂകി. ഭഗവൽസ്പർശനഭാഗ്യമുണ്ടായ ഗംഗാജലം കൊണ്ട് ഇതു സംഭവിച്ചതിൽ അത്ഭുതമെന്തുള്ളു? ഭഗീരഥൻെറ കുടുംബത്തിലാണ് സുദാസൻെറ ജനനം. മിത്രദാസനെന്നും കൽമഷപാദൻ എന്നും അയാൾക്ക് പേരുകളുണ്ടായിരുന്നു. ഒരിക്കൽ നായാട്ടുസമയത്ത് അദ്ദേഹം ഒരു കാട്ടാളനെ കൊന്നു. കാട്ടാളൻെറ സഹോദരനെ വെറുതെ വിട്ടുവെങ്കിലും അവൻെറ മനസ്സിൽ കഠിനമായ പകയുണ്ടായിരുന്നു. അയാൾ ഒരു പാചകക്കാരൻെറ വേഷത്തിൽ രാജാവിൻെറ അടുക്കള ജോലിക്കാരനായി. ഒരിക്കൽ വസിഷ്ടമുനി കൊട്ടാരം സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന് വിളമ്പിയത് മനുഷ്യമാംസമായിരുന്നു. കാട്ടാളൻെറ കുസൃതിയിൽ കോപിതനായി മുനി രാജാവിനെ ശപിച്ചു. "ഈ പാപത്തിന് നീ ദുരാത്മാവായി അലയാനിടവരട്ടെ." എന്നാൽ പാചകക്കാരൻെറ കുൽസിതത്താലാണ് അബദ്ധമുണ്ടായതെന്നറിഞ്ഞ മുനി ശാപകാലം പന്ത്രണ്ടു വർഷത്തേക്കായി ചുരുക്കി. രാജാവാകട്ടെ മുനിയെ ശപിക്കാനൊരുമ്പെടുകയും ചെയ്തു. ജലം കയ്യിലെടുത്തപ്പോഴേയ്ക്ക് ഭാര്യ അതു തടഞ്ഞു. അങ്ങിനെ കയ്യിലെടുത്ത ജലം സ്വന്തം പാദത്തിലേക്ക് രാജാവ് ഒഴിച്ചു. ശാപജലം കാലിലൊഴിച്ചാൽ മറ്റു ജിവികൾക്കൊന്നിനും ശല്യമുണ്ടാവുകയില്ല എന്നതുകൊണ്ടാണ് രാജാവങ്ങിനെ ചെയ്തത്. അങ്ങിനെ രാജാവ് മിത്രസഹനും കല്മഷപാദനുമായി അറിയപ്പെട്ടു. രാജാവ് ദുരാത്മാവായി അലഞ്ഞുനടന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം ഒരു ബ്രാഹ്മണദമ്പതികൾ കാമലീലയിലേർപ്പെട്ടിരിക്കുന്നതു കണ്ട് ഭയമേതുമില്ലാതെ ആ ഭർത്താവിനെ സത്വം വിഴുങ്ങിക്കളഞ്ഞു. മിഥുനത്തിലെ ഭാര്യ തൻെറ അന്തർനേത്രം കൊണ്ട് പ്രേതത്തിൻെറ രാജവ്യക്തിത്വം തിരിച്ചറിഞ്ഞു. തൻെറ ഭർത്താവ് ബ്രാഹ്മണനും വിദ്യാസമ്പന്നനും സദാചാരിയുമാണെന്നും വധിക്കരുതെന്നും രാജാവിനോട് അപേക്ഷിച്ചു. എന്നാൽ തൻെറ യാചനകൊണ്ട് പ്രേതത്തിൻെറ ഭാവത്തിൽ മാറ്റമൊന്നുമില്ലെന്നു കണ്ട സ്ത്രീ രാജാവിനെ ശപിച്ചു. "നീ നിൻെറ ഭാര്യയെ കാമലീലയ്ക്കായി തൊടുന്ന നിമിഷം മരിച്ചു പോകട്ടെ." എന്നിട്ട് തൻെറ ഭർത്താവിൻെറ അസ്ഥികൂടം എടുത്ത് ചിതയിൽവെച്ച് താനും അതിൽക്കയറി ഇഹലോകം വെടിഞ്ഞു. അതുകൊണ്ട് രാജാവിന് മക്കളുണ്ടായിരുന്നില്ല. രാജാവിൻെറ നിർദ്ദേശപ്രകാരം വസിഷ്ഠൻ രാജപത്നിയിൽ ഒരു പുത്രനെ ജനിപ്പിച്ചു. ഗർഭസ്ഥശിശു ഏഴുകൊല്ലം അമ്മയുടെ ഗർഭപാത്രത്തിൽ കഴിഞ്ഞു. അവസാനം വസിഷ്ടൻ ഒരു കല്ലെടുത്ത് രാജ്ഞിയുടെ വയറ്റിൽ ഇടിച്ചപ്പോഴാണ് അവൻ പുറത്തുവന്നത്. ഇതേ കുടുംബത്തിലാണ് ഖട്വാംഗൻ ജനിച്ചത്. മഹാനായ രാജാവായിരുന്നു അദ്ദേഹം. തൻെറ മരണത്തിത് ഒരു മണിക്കൂർ മുൻപ് അദ്ദേഹത്തിന് കാര്യം മനസ്സിലായി. ഉടനേ തന്നെ മനസാ അദ്ദേഹം മൂന്ന് ലോകങ്ങളും ത്യജിച്ചു. അവയെല്ലാം തികച്ചും ക്ഷണികങ്ങളും അസ്ഥിരവും അസത്തും ആണെന്നു കണ്ട് ഭഗവാനിൽ പൂർണ്ണമായും സ്വയം സമർപ്പിച്ചു. ഉടനെ തന്നെ ഖട്വാംഗൻ ഈശ്വരസാക്ഷാത്ക്കാരം നേടി. ഭഗവാൻ വാസുദേവൻെറ സർവ്വാന്തര്യാമിത്വം അനുഭവിച്ചു.